POLICE DEPARTMENT

KERALA

**No. B1-29543/2024/KAP-II**
Kerala Armed Police-II,
Palakkad
cmdtkap2.pol@kerala.gov.in
04912555191
Dated. 19-02-2025

## പുനർ ലേലപരസ്യം

മുട്ടിക്കുളങ്ങര കെ.എ.പി രണ്ടാം ബറ്റാലിയനിലെ താഴെ പറയുന്ന ഫലവൃക്ഷങ്ങളിൽ നിന്നുള്ള കായ് ഫലങ്ങൾ 01/01/2025 തിയ്യതി മുതൽ 31/12/2025 വരെ പറിച്ചെടുക്കുന്നതിനുള്ള അവകാശം 25/02/2025 തിയ്യതി രാവിലെ 11.00 മണിക്ക് കെ.എ.പി രണ്ടാം ബറ്റാലിയൻ പോലീസ് ക്യാമ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്.

കശുമാവ് - 108 എണ്ണം

തെങ്ങ് - 85 എണ്ണം

മാവ് - 73 എണ്ണം

പുളി - 33 എണ്ണം

പ്ലാവ് - 25 എണ്ണം

**നിബന്ധനകൾ**

1. ലേലത്തിൽ പങ്ക് കൊള്ളുവാൻ ആഗ്രഹിക്കുന്നവർ 1000/- (ആയിരം രൂപ മാത്രം) നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. കൂടാതെ ടിയാളുടെ തിരിച്ചറിയൽ രേഖകളും മേൽവിലാസം തെളിയിക്കുന്നതിനുള്ള ലേലം തുടങ്ങുന്നതിനു മുൻപ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

2. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മതത്തോടുകൂടി പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകുന്നേരം 4 മണി വരെ ലേലം വിളിക്കപ്പെടുന്ന ഫലവൃക്ഷങ്ങൾ നേരിട്ടു കാണാവുന്നതാണ്.

3. ലേലം കൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ പകുതി സംഖ്യ ലേല ദിവസം തന്നെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതുപ്പരിയാരം ബ്രാഞ്ചിലെ കമാണ്ടൻറിൻറെ പേരിലുള്ള അക്കൌണ്ടിൽ (ബാങ്ക് അക്കൌണ്ട് നമ്പർ ലേലബോർഡ് അധികാരികൾ ലേലം കൊണ്ടയാൾക്ക് നൽകേണ്ടതാണ്) നിക്ഷേപിച്ച് ആയതിൻറെ രസീതിൻ്റെ പകർപ്പ് ലേലം കൊണ്ടയാൾ ബറ്റാലിയൻ ക്യാഷിയറെ എൽപ്പിക്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലത്തുകയുടെ ബാക്കിയും 5% ചരക്ക് സേവന നികുതിയും (GST കമാണ്ടൻറിൻറെ അക്കൌണ്ടിൽ തന്നെ നിക്ഷേപിക്കേണ്ടതാണ്.

4. ലേലത്തിൽ പങ്കുകൊള്ളുന്നവരുടെ നിരതദ്രവ്യം (ലേലം കൊണ്ടയാളുടെതൊഴികെ ) ലേലം കഴിഞ്ഞയുടനെ തന്നെ തിരിച്ചു നൽകുന്നതാണ്.

5. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം മാറ്റിവെയ്ക്കാനും അസ്ഥിരപ്പെടുത്തുവാനുമുള്ള അധികാരം കമാണ്ടൻറിനോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കും.

6. ലേലം കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം, പുനർലേലം നടത്തുന്നതിനും ആയതിനോടനുബന്ധിച്ച് സർക്കാരിന് സംഭവിക്കാവുന്ന നഷ്ടം ടിയാനിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

Rajesh R
Commandant

B1-29543/2024/KAP-II

38b487

To : എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, എല്ലാ ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്കും ആവശ്യമായ പ്രചരണത്തിനുമായി അയക്കുന്നു

Copy To : 1. ഡെപ്യൂട്ടി കമാണ്ടൻറ്, അസിസ്റ്റൻറ് കമാണ്ടൻറ് (ക്യൂ എം), ഓഫീസർ കമാണ്ടിങ് (എച്ച്.ക്യൂ) എസ്.ഐ (ക്യൂ..എം) എന്നിവരുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. 2. അസിസ്റ്റൻറ് കമാണ്ടൻറ് ( ക്യൂ എം ) ലേലപരസ്യം ജില്ലാ ഇൻഫർമേഷൻ ഓഫീസിലും, മറ്റ് സർക്കാർ ഓഫീസുകളിലും വ്യാപക പ്രചരണം നടത്തേണ്ടതാണ്. 3. കെ.എ.പി രണ്ടാം ദളം കാഷ്യറുടെ അറിവിലേക്കും അനന്തരനടപടികൾക്കായും. 4. കമാണ്ടൻറിൻറെ സി.എ.യുടെ അറിവിലേക്കായി